**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൈപ്പമംഗലംനിയോജക മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ കടലാക്രമണം പ്രതിരോധിക്കുന്നതിന് ജിയോബാഗ് സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.1025/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം,
**തീയതി,01/06/2020**

---

പരാമർശം:- ബഹു. കൈപ്പമംഗലം എം എൽ എ സമർപ്പിച്ച 01/10/2019, 29/11/2019 എന്നീ തീയതികളിലെ കത്തുകൾ

**ഉത്തരവ്**

കേരളത്തിലെ കൂടുതൽ തീരദേശ മേഖല ഉള്ള ഒരു നിയോജക മണ്ഡലമാണ് കൈപ്പമംഗലം. ഇവിടെ ജനസാന്ദ്രതയും കൂടുതലാണ്. നിരന്തരമുള്ള കടലാക്രമണവും കടലേറ്റവും ഇവിടങ്ങളിലെ ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി കൈപ്പമംഗലം എം. എൽ എ അറിയിച്ചിരിക്കുന്നു. ആയതിനാൽ കടലാക്രമണം നിരന്തരം നേരിടുന്ന എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ ജിയോബാഗ് സ്ഥാപിക്കുന്നതിന് തനത് ഫണ്ടിൽ നിന്നും 5,00,000/-വീതം അനുവദിക്കുന്നതിന് മേൽ ഗ്രാമപഞ്ചായത്തുകൾക്ക് അനുമതി നല്കണമെന്നാണ് ബഹു. എം. എൽ . എ ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ കടലേറ്റം തടയുന്നതിന് ടി പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും രൂ. 5,00,000/-( അഞ്ച് ലക്ഷം രൂപ) വീതം, അതാത് പഞ്ചായത്തുകളുടെ കമ്മിറ്റി തീരുമാനത്തിന് വിധേയമായി, ചിലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.)

**അനിൽ കുമാർ ജി**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, എറിയാട്, എടവിലങ്ങ് പഞ്ചായത്തുകൾ

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

S. Bindu

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്
കൈപ്പമംഗലം എം.എൽ.എ യുടെ പി.എ യ്ക്ക്